സുസ്ഥിര നഗര വികസന പദ്ധതി

320 (1746) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.ഡി.ബി. സഹായത്തോടെയുള്ള സുസ്ഥിര നഗര വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം കേന്ദ്ര സഹായമാണ് പ്രസ്തുത പദ്ധതിക്ക് പ്രതീക്ഷിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കേന്ദ്ര സർക്കാർ മുഖേന എ.ഡി.ബി. നൽകുന്ന വായ്പാ സഹായത്തോടെ സംസ്ഥാനം നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് കേരള സുസ്ഥിര നഗര വികസന പദ്ധതി. കേരളത്തിലെ 5 മുനിസിപ്പൽ കോർപ്പറേഷനുകളിൽ 1422.47 കോടി രൂപ അടങ്കലുള്ള ഒരു സുസ്ഥിര നഗര വികസന പദ്ധതി നടപ്പിലാക്കുന്നതിന് 221.2 മില്യൻ ഡോളർ വായ്പ അനുവദിക്കുന്ന ഒരു കരാറിൽ 8-12-2006 തീയതിയിൽ എ.ഡി.ബി.-യുമായി ഒപ്പുവച്ചിട്ടുണ്ട്. നിശ്ചിത കാലാവധിയായ 30-6-2012 തീയതിക്കുള്ളിൽ പദ്ധതി പൂർത്തിയാകാത്ത സാഹചര്യത്തിൽ എ.ഡി.ബി.-യുടെ സ്പെഷ്യൽ പ്രോജക്ട് അഡ്മിനിസ്ട്രേഷൻ മിഷന്റെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ 30-6-2016 വരെ പ്രോജക്ട് കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. ഭാഗികമായ റദ്ദാക്കലിനെത്തുടർന്ന് നിലവിൽ നിജപ്പെടുത്തിയിട്ടുള്ള വായ്പാ തുക 168.4 മില്യൻ ഡോളറാണ്.

(ഡി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളിലെ സമഗ്ര പശ്ചാത്തല വികസനം, ദാരിദ്ര്യ ലഘൂകരണം, നഗരദരിദ്ര വിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തൽ, ശുദ്ധജല വിതരണ പദ്ധതികൾ, സീവറേജ് - സാനിറ്റേഷൻ പദ്ധതികൾ, സ്റ്റോം വാട്ടർ ഡ്രയിനേജ് പദ്ധതികൾ, റോഡുകളുടെ പുനരുദ്ധാരണ പദ്ധതികൾ, സാമൂഹ്യ പശ്ചാത്തല വികസന പദ്ധതികൾ, ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly